ഗ്യാരണ്ടി ബാദ്ധ്യതകൾ

17 [329] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്തു തുകയ്ക്കുള്ള സർക്കാർ ഗ്യാരന്റിയാണ് ഉണ്ടായിരുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപയ്ക്ക് സർക്കാർ ഗ്യാരന്റി നിന്നിട്ടുണ്ട്;

(സി) ഇപ്പോൾ നിലവിൽ എത്ര കോടി രൂപയുടെ ഗ്യാരന്റി ബാദ്ധ്യത സർക്കാരിനുണ്ട്?

ഉത്തരം

(എ) 10,819.36 കോടി രൂപയ്ക്കുള്ള (പതിനായിരത്തി എണ്ണൂറ്റി പത്തൊൻപത് ദശാംശം മൂന്ന് ആറ് കോടി രൂപ) ഗ്യാരന്റിയാണ് ഉണ്ടായിരുന്നത്.

(ബി) 3,162.14 കോടി രൂപയ്ക്ക് (മൂവായിരത്തി ഒരുന്നൂറ്റി അറുപത്തിരണ്ട് ദശാംശം ഒന്ന് നാല് കോടി രൂപ) സർക്കാർ ഗ്യാരന്റി നിന്നിട്ടുണ്ട്.

(സി) 1-4-2004-ലെ കണക്കുപ്രകാരം ഗവൺമെന്റിന് 13,981.50 കോടി രൂപയുടെ (പതിമൂവായിരത്തി തൊള്ളായിരത്തി എൺപത്തി ഒന്ന് ദശാംശം അഞ്ച് കോടി രൂപ) ഗ്യാരന്റി ബാദ്ധ്യതയുണ്ട്.

2003-04-ൽ സാമ്പത്തിക വർഷത്തെ വാർഷിക അടങ്കൽ

18 [330] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വാർഷിക അടങ്കൽ എത്ര കോടി രൂപയായിരുന്നു;

(ബി) ഇതിൽ 31-3-2004 വരെ എത്ര കോടി രൂപയാണ് ചെലവാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) 2003-04 വർഷത്തെ ബഡ്ജറ്റിലെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൽ ഏതെല്ലാം എത്രത്തോളം നടപ്പിലാക്കിയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 21,591.15 കോടി രൂപ (തനി).

(ബി) അക്കൗണ്ടന്റ് ജനറലിന്റെ 2004 മാർച്ച് 31 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം ആകെ 27,690.89 കോടി രൂപയാണ് ചെലവ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷവും കമ്മിയുടെ ശതമാനം കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്ന "സ്റ്റേറ്റ് ഫിസ്ക്കൽ റസ്പോൺസിബിലിറ്റി ബിൽ", ഗവൺമെന്റ് ഗ്യാരന്റി നൽകുന്ന സംഖ്യക്ക് പരിധി നിർണ്ണയിക്കുന്ന ആക്ട്, ഉയർന്ന പലിശയ്ക്ക് എടുത്ത കടങ്ങൾ ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിന് സ്റ്റേറ്റ് ഡെറ്റ് സ്വാപ്പ് പദ്ധതി, പൊതുവിപണിയിൽനിന്നും സ്വരൂപിക്കുന്നകടം തിരികെ കൊടുക്കുവാനായി ഒരു സിങ്കിംഗ് ഫണ്ടിന്റെയും, ഒരു ഗ്യാരന്റി റിഡംഷൻ ഫണ്ടിന്റെയും രൂപീകരണം, ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിൽനിന്നും കൂടുതൽ തുക ലഭ്യമാക്കുക തുടങ്ങിയവ 2003-04 ബഡ്ജറ്റിലെ പ്രഖ്യാപിത ലക്ഷ്യങ്ങളായിരുന്നു. ഫിസ്ക്കൽ റസ്പോൺസിബിലിറ്റി നിയമം, സർക്കാർ ഗ്യാരന്റിക്ക് പരിധി നിശ്ചയിക്കുന്ന നിയമം എന്നിവ നിലവിൽവന്നു കഴിഞ്ഞു. ഡെറ്റ് സ്വാപ്പ് പദ്ധതിപ്രകാരം ഉയർന്ന പലിശനിരക്കിലുണ്ടായിരുന്ന കേന്ദ്ര ഗവൺമെന്റ് വായ്പകളുടേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പകളുടേയും ഗണ്യമായഭാഗം തിരിച്ചടച്ചു കഴിഞ്ഞു. സിങ്കിംഗ് ഫണ്ടിന്റെയും, ഗ്യാരന്റി റിഡംഷൻ ഫണ്ടിന്റെയും രൂപീകരണം സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധീകരണം ലക്ഷ്യമാക്കുന്ന പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരണം സംബന്ധിച്ച നടപടികളും പുരോഗമിക്കുന്നുണ്ട്. 2003-04-ലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ടപോലെ രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സർക്കാരുകൾക്കുള്ള വിഭവ കൈമാറ്റത്തിന്റെ തോത് ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. തദ്ദേശ സർക്കാരുകൾക്കുള്ള ഗ്രാന്റുകൾ മാസാമാസം നൽകുന്നതിനുള്ള പുതിയ സമ്പ്രദായവും നിലവിൽ വന്നുകഴിഞ്ഞു.

സ്കൂളുകളിലെ സഞ്ചയികാ പദ്ധതി

19 [331] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സഞ്ചയികാ പദ്ധതി നിലവിലുണ്ട്;

(ബി) നിലവിൽ എത്ര കോടി രൂപ ഈ പദ്ധതിയിലൂടെ സർക്കാരിന് ലഭിക്കുന്നുണ്ടെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 9328 സ്കൂളുകളിൽ സഞ്ചയികാ പദ്ധതി നിലവിലുണ്ട്.

(ബി) 2003-04 സാമ്പത്തിക വർഷത്തിൽ 45,52,48,704 രൂപ ഈ പദ്ധതിയിലൂടെ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly